**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3153** **11-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കോടംതുരുത്ത് അമിനിറ്റി സെന്ററിനുണ്ടായ നാശനഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ കോടംതുരുത്ത് സ്ഥിതി ചെയ്യുന്ന അമിനിറ്റി സെന്റർ ദേശീയ പാതാ നിർമ്മാണവുമായി ബന്ധപ്പെട്ട് കോമ്പൗണ്ട് വാൾ ഉൾപ്പെടെ പൊളിച്ചിട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അമിനിറ്റി സെന്ററിന്റെ കോമ്പൗണ്ട് വാൾ പൊളിഞ്ഞ അവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ സാധനങ്ങൾ അമിനിറ്റി സെന്ററിന്റെ കോമ്പൗണ്ടിൽ ഇടുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് കമ്പനിയുടെ കീഴിലുള്ള കുത്തിയ തോട് അരൂർ അമിനിറ്റി സെന്ററിന്റെ ചുറ്റുമതിൽ പൊളിക്കുന്നതിനും, കോമ്പൗണ്ടിൽ നിർമ്മാണ സാമഗ്രികൾ സൂക്ഷിക്കുന്നതിനും ദേശീയപാത അതോറിറ്റി ഔദ്യോഗികമായി അനുമതി തേടിയിട്ടില്ല. സംയുക്ത സ്ഥല പരിശോധനയിൽ അമിനിറ്റി സെന്ററിന്റെ ചുറ്റുമതിൽ പൊളിച്ചതായും, നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായും ബോധ്യമായിട്ടുണ്ട്. ദേശീയപാത നിർമ്മാണം അടിയന്തരമായി നടപ്പാക്കേണ്ട സാഹചര്യമുള്ളതിനാൽ നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് ചുറ്റുമതിൽ നിർമ്മിച്ച് നൽകുവാനും, അമിനിറ്റി സെന്ററിന് സംഭവിച്ച കേടുപാടുകൾക്ക് നഷ്ടപരിഹാരം നൽകുവാനും ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>എലവേറ്റഡ് ഹൈവേ നിർമ്മാണത്തിന് വേണ്ടി ചുറ്റുമതിൽ, താൽകാലിക ഷെഡിന്റെ കുറച്ച് ഭാഗങ്ങൾ എന്നിവ പൊളിച്ച് മാറ്റേണ്ടി വന്നതായും, അത് മൂലം അമിനിറ്റി സെന്ററിന്റെ ബാക്കിയുള്ള ഭാഗത്തിന്റെ പ്രവർത്തനം തടസ്സപ്പെട്ടിട്ടില്ല എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>ദേശീയപാത നിർമ്മാണത്തിന് അമിനിറ്റി സെന്ററിൽ നിന്ന് ഏറ്റെടുത്ത ഭൂമിയുടെ 3എ വിജ്ഞാപനം 16.04.2024 ന് പുറപ്പെടുവിച്ചിട്ടുള്ളതായും, പൊളിച്ച് മാറ്റിയ ഭാഗത്തിന് നിയമാനുസൃതമായ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകുന്ന വിഷയം പുനർനിർമ്മാണത്തിന് ദേശീയപാത അതോറിറ്റിയുടെ അനുമതി/നിരാക്ഷേപപത്രം നൽകുന്ന അവസരത്തിൽ പരിഗണിക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | അമിനിറ്റി സെന്ററിന്റെ പ്രവർത്തനം തടസ്സപ്പെടുന്ന രീതിയിൽ അമിനിറ്റി സെന്ററിന് നാശനഷ്ടം വരുത്തിയ ദേശീയപാത നിർമ്മാണ കമ്പനിയിൽ നിന്നും നഷ്ട പരിഹാരം വാങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബി പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ